## സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നടപടിക്രമം

### ഹാജർ:-വി ആർ വിനോദ് ഐ എ എസ്

വിഷയം : സി എഫ് എസ് - പൊതു അവധി ദിവസങ്ങളിലും രാത്രി ഡ്യൂട്ടിയും നിർ വഹിക്കുന്ന ഭക്ഷ്യ സുരക്ഷ വകുപ്പിലെ ജീവനക്കാർക്കു അടുത്ത പ്രവൃത്തി ദിവസം അവധി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1.01.07.2022 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്

2. വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാർ സമർപ്പിച്ച നിവേദനങ്ങൾ

### ഉത്തരവ് നം-എ 1 -1316/2022/സിഎഫ്എസ് തീയതി.16-05-2023

ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ഭക്ഷ്യ സുരക്ഷ ഓഫീസർമാർ ഉൾപ്പെടെ വിവിധ തസ്തികയിലുൾപ്പെട്ട ജീവനക്കാർ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവൃത്തി ദിവസങ്ങൾ കൂടാതെ പൊതു അവധി ദിവസങ്ങളിലും ഞായറാഴ്ചകളിലും രാത്രി കാലങ്ങളിലും ജോലി ചെയ്യേണ്ട സാഹചര്യം നിലവിലുണ്ട്. രാത്രി ഡ്യൂട്ടി നിർവഹിച്ച ശേഷം തൊട്ടടുത്ത ദിവസം ജോലിയിൽ പ്രവേശിക്കുന്നത് ജീവനക്കാരെ ശാരീരികമായും, മാനസികമായും സമ്മർദ്ദത്തിലാക്കുന്നു എന്ന ജീവനക്കാരുടെ അഭിപ്രായം പരിഗണിക്കേണ്ടതാണ് എന്ന് ഇക്കാര്യം വിശദമായി വിശകലം ചെയ്തതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷാ വകുപ്പ് എല്ലാ ആഴ്ചകളിലും നടത്തുന്ന രാത്രികാല പരിശോധനകൾ, ചെക്ക് പോസ്റ്റ് പരിശോധനകൾ എന്നിവ ഒഴിവാക്കാൻ കഴിയാത്തതാണ്. ആയതിനാൽ തന്നെ, നിലവിലെ സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ ഉൾപ്പെടെ ജീവനക്കാർ അവധി ദിവസങ്ങളിലും രാത്രി കാലങ്ങളിലും കൂടുതൽ പ്രവർത്തിക്കേണ്ടതായി വരുന്നു. ആയതിനാൽ പൊതു അവധി ദിവസങ്ങൾ, ഞായറാഴ്ചകൾ, രാത്രികാല ഡ്യൂട്ടി എന്നിവ ചെയ്യുന്ന വകുപ്പിലെ ഗസറ്റഡ് ഉദ്യോഗസ്ഥർ ഒഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും തൊട്ടടുത്ത പ്രവൃത്തി ദിവസം അവധി അനുവദിക്കുന്നതിന് അനുവദിച്ച ഉത്തരവാകുന്നു. ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി / അസിസ്റ്റൻറ് കമ്മീഷണർമാർ ഈ അവധി ക്രമപ്രകാരമുള്ളതാണോ എന്ന് ഉറപ്പാക്കേണ്ടതാണ്.

Signed by V R Vinod Ias
Date: 16-05-2023 20:43:51
Reason: Approved
ഭക്ഷ്യസുരക്ഷാ കമ്മീഷണർ

സ്വീകർത്താവ്

വകുപ്പിലെ എല്ലാ ജീവനക്കാർക്കും

പകർപ്പ്:- 1.ഭക്ഷ്യ സുരക്ഷ ജോയിൻറ് കമ്മീഷണർ (ഇ)/ഡെപ്യൂട്ടി ഡയറക്ടർ

2.വെബ്സൈറ്റ്

3. ഫയൽ / സ്റ്റോക്ക് ഫയൽ